
EPIC PULSE
എസ്.ജെ.എച്ച് എസ് വെള്ളയാംകുടി




എസ്.ജെ.എച്ച് എസ്എസ് വെള്ളയാംകുടി

## താളുകൾ മറിക്കുമ്പോൾ


വേഗം പോരാ !....................................................4

വിജയവും പരാജയവും....................................................5

കടങ്കഥകൾ....................................................6

നാടൻ പാട്ട്....................................................7

A PRAYER IN SPRING....................................................8

ON KILLING A TREE....................................................9

നാട്ടിലെ ദേവത....................................................10

കോവലും പാവലും....................................................11

ഒരിമിച്ച നിന്നാൽ....................................................12

അണ്ണാന്റെ ചാങ്ങാടം....................................................13

അതു വാർത്തയാക്കണ്ട....................................................14

ചെറിയ ദുഃഖം വലിയ ദുഃഖം....................................................15

സീറ്റു പിടുത്തം....................................................16

നല്ല ചങ്ങാതിമാർ....................................................17

ആദ്യ വിമാനത്താവളം....................................................18


പേടി മാറ്റി....................................................19

പഴമൊഴികൾ....................................................20

ആത്മനിയന്ത്രണമില്ലാത്ത ആമ....................................................21

കമ്പ്യൂട്ടറും ഇന്നത്തെ ലോകവും....................................................22

# എഡിറ്റോറിയൽ ബോർഡ്


അന്റോ



പ്രെയ്സൻ


ബനഡിക്റ്റ്


അലിൻ


കീർത്തി


സോനറ്റ്


ഐറിൻ



നെസ്സ


നൗറ


നന്ദന


ജെഫിൻ


ഹിമ


എൽബി


ഡെൽന


ഐശ്വര്യാ


അശ്വനി

## ആശംസ



വിവരസാങ്കേതിക വിദ്യയുടെ പാരമ്യത്തിലാണ് ഇന്നത്തെ തലമുറ ജീവിക്കുന്നത് .കഴിഞ്ഞ തലമുറ സ്വപ്നം കണ്ടിരുന്നവ പലതും ഇന്ന് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ തലമുറയ്ക്ക് സ്വപ്നം കാണാനാവാത്ത പലതും വരും തലമുറയെ പ്രതീക്ഷിച്ചിരിക്കുന്നു. അനന്തസാധ്യതകളുടെ മായാലോകത്തേക്ക് വേഗത്തിൽ എത്തിച്ചേരാൻ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**HEAD MASTER**
**SJHSS VELLAYAMKUDY**

# വേഗം പോരാ !



AISWARYA SHAJI

IX:D

കടലിൽ അപകടത്തിൽപ്പെട്ട ഒരു ചങ്ങാടത്തിൽ നിന്ന് കുറെപ്പേരെ ക്യപ്റ്റൻ വാങ്കുവിന്റെ കപ്പൽ രക്ഷിച്ചു.പുറം ലോകത്തെക്കുറിച്ച് ഒന്നും അറിയാത്തവരായിരുന്നു അവർ. “ ഈ കപ്പൽ എങ്ങനെയാ തനിയെ കടലിലൂടെ ഓടുന്നത്"? അവരിൽ ഒരാൾ വാങ്കുവിനോട് ചോദിച്ചു. വാങ്കുവിനു ഒരു കുസൃതി തോന്നി. ഇവരെ ഒന്ന് പറ്റിക്കാം!

" കപ്പലിന്റെ അടിത്തട്ടിൽ കുറെ ദ്വാരങ്ങൾ ഉണ്ട് അടിൽ ഒരോ സ്ക്രൂവിനെ തിരുകി വയ്ക്കും. സ്ക്രൂവ് വാലിട്ടടിക്കുമ്പോഴാ കപ്പൽ മുന്നോട്ടു പോകുന്നത്”. വാങ്കു പറഞ്ഞു. കുറെ നേരം കഴിഞ്ഞതും കപ്പലിനകത്ത് വെള്ളം ഇരച്ചു കയറാൻ തുടങ്ങി. നോക്കുമ്പോഴതാ, ചങ്ങാടത്തിൽനിന്നു രക്ഷപ്പെട്ട മനുഷ്യർ കപ്പലിന്റെ അടി വെട്ടി പൊളിക്കുന്നു ! അവർ പറഞ്ഞു കപ്പലിനു വേഗം തീരെ പോരാ. ഒരു രണ്ടു മൂന്ന് തിമിംഗലക്കുഞ്ഞുങ്ങളെക്കൂടി തിരുകി വയ്ക്കാൻ പറ്റുന്ന തുളയുണ്ടക്കുകയാ !”

# വിജയവും പരാജയവും



AISWARY SHAJI

ബാഗ്ദാദിൽ പണ്ട് ഹദ്ദാദ് എന്നൊരു ദുഷ്ടനുണ്ടായിരുന്നു. ആളുകളെ ഉപദ്രവിക്കുകയും പിടിച്ചു പറ്റിക്കുകയുമായിരുന്നു അയാളുടെ വിനോദം. അയാളെ കീഴടക്കാൻ ആരു ശ്രമിച്ചിട്ടും കഴിഞ്ഞില്ല.ആ നാടു ഭരിക്കുന്ന പാദുഷ ആകെ വിഷമത്തിലായി.ഹദ്ദാദിന്റെ അതിക്രമങ്ങള  കാരണം ജനങ്ങൾ പൊറുതിമുട്ടുകയാണ്. ആർക്കും ഹദ്ദാദിനെ ഒന്നു തൊടുവാൻ പോലും കഴിഞ്ഞില്ല. അപ്പോഴാണ് ആട്ടിടയനായ സുലൈമാൻ പാദുഷനെ കാണാനെത്തിയത്. "അങ്ങ് അനുവാദിച്ചാൽ ഞാന ഹദജ്ദാദിനെ കഴിടക്കാം സുലൈമാൻ പറഞ്ഞു. പാദുഷ മറിച്ചൊന്നും ചിന്തിക്കാതെ അനുവാദം കൊടുത്തു. ഗ്രാമതിർത്തിയിവച്ച് സുലൈമാൻ ഹദ്ദാദിനെ കണ്ടുമുട്ടി. അടു്തത നിമിഷം സുലൈമാൻ ഹദ്ദാദിനു നേരം ചാടിവീണു. അപ്രതീക്ഷ ആക്രമണത്തിൽ ഹദ്ദാദ് പതിറിപ്പോയി. കരുത്തനായ സുലൈമാൻ അതിവേഗം ഹദ്ദാദിനെ കീഴടാക്കി. എന്നെ വെറുതേ വിടൂ. ദിവസം ഒരോ സ്വർണ്ണനാണയം വീതം ഞാൻ തന്നുകൊള്ളാം.

ഹദ്ദാദ് പറഞ്ഞു. താൻ ഹദ്ദാദിനെ വെറുതേ വിടു്നനത് സ്വർണ്ണനാണയം വാങ്ങിയാണെന്ന് ആരറിയാനാണ് സുലൈമാൻ ചിന്തിച്ചു. "ശരി വെറുതേ വിടാം ഇരി നീ ആരെയും ഉപദ്രവിക്കരുത്. സുലൈമാൻ പറഞ്ഞു. ഹദ്ദാദ് അതു സമ്മതിച്ചു. അങ്ങനെ ഹദ്ദാദ് സുലൈമാന് സ്വർണ്ണനാണയം നൽകികൊണ്ടിരുന്നു. എന്നാൽ, ഒരാഴ്ച കഴിഞ്്ഞപ്പോൾ ഹദ്ദാദ് നാണയം നൽകുന്നറന്നു പറഞ്ഞു. ദേഷ്യംകൊണ്ട് വിറ്ചച സുലൈമാൻ ഹദ്ദാദിന്റെ ദേഹത്ത് ചാടി വീണു.എന്നാൽ ഇത്തവണ സുലൈമാനെ ഹദ്ദാദ് കീഴടാക്കി!

ആദ്യ തവണ പോരാടുമ്പോൾ ന്യായം നിന്റെ ഭാഗത്തായിരുന്നു. ഇത്തവണയോ ? പോരാടുന്നത് സ്വാർണ്ണത്തിനു വേണ്ടിയാണ് ന്യായമുള്ളടുത്തെ ദൈവനുഗ്രാഹം ഉണ്ടാകു. അതാണ ഇത്തവണ നീ പരാജയപ്പെട്ടത്. പീന്നിട് ഏതായാലും സുലൈമാൻ ആരെയും ഉപദ്രവിച്ചിട്ടില്ല.



ELBY BINOY
IX B

## കടങ്കഥകൾ

- വള്ളി വള്ളി ആയിരം വള്ളി ആദ്യം കറുത്തിട്ട് പിന്നെ വെളുത്തിട്ട്

    തലമുടി

- വയറൊന്ന്,വായ രണ്ട്,വയറു നിറയെ മക്കൾ

    തീപ്പെട്ടി

- രണ്ടെണ്ണം ഒരോ കുപ്പിയിൽ

    മുട്ട

- മേലേക്കാട്ടിൽ കൊഴ്ത്തരിവാൾ

    ചാന്ദ്രക്കല.

## നാടൻ പാട്ട്



**ELBY BINOY**
**IX:B**

ആകാശം മുട്ടുന്ന കൊമ്പുള്ള കാള

പാതളം മുട്ടുന്ന കൊമ്പുള്ള കാളഴ

കൊമ്പിൻമേൽ പൊന്നുകെട്ടിയ കാള

കഴുത്തിൽ കുട മണി കിലുങ്ങുന്ന കാള

കൈലാസം ചുറ്റി വന്നോരു കാള

കാള വരണേ വരവതു കണ്ടോ.

# A PRAYER IN SPRING



HIMAANN SHAJI

Oh,give us pleasure in the flowers to day
And give us not to think so far away
As the uncertain harvest,keep us here
All simply in the springing of the year

Oh,give us pleasure in the orchard white
Like nothing else by day, like ghost by night;
And make us happy in the happy bees,
The swarm dilating round the perfect trees

And make us happy in the darting bird
That suddenly above the bees is heard
The meteor that thrusts in with needle bill
And off a blossom in mid air stands still.

For this is love and nothing else in love,
The which it is reserved for God above
To sanctify to what far ends he will,
But which it only needs that we fulfil.

# ON KILLING A TREE



JEFFIN JAMES

IX:A

**It takes much time to kill a tree**
**Not a job of a knife**
**will do it . It has grown**
**Slowly consuming the earth,**
**Rising out of it, Feeding**
**upon its crust,absorbing**
**years of sunlight,air,water,**
**And out of its leperous hide**
**sprouting leaves**

**So hack and chop**
**But this alone won't do it.**
**Not So much pain will do it.**
**The bleeding bark will heal**
**And from close to ground**
**will rise curled green twigs,**
**Miniature boughs**
**Which of unchecked will expand again**
**To former size**

## നാട്ടിലെ ദേവത

ഒരിടത്ത് ഒരിടത്ത് ഒരു രാജകുമാരിയുണ്ടായിരുന്നു. വളരെ നാളയിട്ട് അവർക്ക് കുട്ടികളില്ലായിരുന്നു. കുറെ നാളുകളുടെ പ്രാർത്ഥനയ്ക്കു ശേഷം അവർക്ക് ഒരു പെൺകുഞ്ഞു ജനിച്ചു. ആ സന്തോഷത്തി രാജാവ് ആ നാട്ടിലുള്ള ജനങ്ങളെ വിളിച്ചുകൂട്ടുകയും ആ നാട്ടിലെ ദേവതമാരെയും ക്ഷണിച്ചു. എന്നാൽ ഒരു ദേവതയെ മാത്രം ക്ഷണിച്ചില്ലായിരുന്നു.

ഒരോ ദേവതമാർ കുട്ടിക്ക് ഒരോ വരങ്ങൾ ചോരിയാൻ തുടങ്ങി. എന്നാൽ ക്ഷണിക്കാത്ത ദേവത അവിടെയെത്തി. ആ ദേവത ആ കുട്ടിക്ക് നൽകിയ വരം ഇതായിരുന്നു. കുട്ടിക്ക് പതിനഞ്ചു വയസ്സാകുമ്പോൾ മരിക്കുമെന്നും ആ മരണം നൂൽനൽക്കുന്ന സാന്ത്രംകൊണ്ടായിരിക്കുമെന്നും ആ ദേവത പറഞ്ഞു. ഇത് ഭയന്ന രാജാവ് ആ നാട്ടിലെ നൂൽനൽക്കുന്ന യാന്ത്രങ്ങളെല്ലാം നശിപ്പിച്ചു.



NANDHANA VINOD
IX D

# കോവലും പാവലും

മാവൃരുള്ളൊരു മാവിൻ മോളിൽ
കോവലു കയറി,പാവലു കേറീ
പൂവു വിരിഞ്ഞു,കായായ് മാറി ,
കായ്കൾ മൂത്തു വാഴക്കായ് മാറി !
കോലയ്ക്കകളോ ക്ലുകി വിളിച്ചു:
പാവയ്ക്കാക്കറിയെന്തിനു കൊള്ളാം ?
കുട്ടികളിത്തിരി വായിൽ വെച്ചൽ
കയ്പ്പു സഹിക്കാതപ്പടി തുപ്പും !

പാവയ്ക്കകളോ തലയും പൊക്കി
പരിഹാസത്തോടാർത്തു ചിരിച്ചു
" കോവയ്ക്കകളെ , കോമാളികളെ,
കറികളിൽ ഞങ്ങൾ മുന്നിൽ തന്നെ!
തോരാനോരുക്കാൻ അവിയലോരുക്കാൻ
പാവയ്ക്കകളേ വേണ്ടു പലർക്കും!

കോവലുവള്ളിയും പാവലുവള്ളിയും
കശപിശയിങ്ങനെ തുടരും നേരം
കൊടിയൊരു കാറ്റിലകപ്പെട്ടയ്യോ,
കടപുഴകിച്ചെറു മാവു മറിഞ്ഞു !
കോവലുവള്ളിയും പവലുവള്ളിം
മാവിനോടോപ്പം മണ്ണിൽ വീണു !

# ഒരിമിച്ച നിന്നാൽ.......................



NANDHANA VINOD
IX:D

ഒരു കുളത്തിൽ കുറെ തവളകൾ താമസിത്തിരുന്നു. ഒരു ദിവസം ഒരു കൊക്ക് കുളത്തിൽലെത്തി. "ഹയ്യട !നിറയെ തവളകൾ ! ഇന്നത്തെ കാര്യം കുശലായി" കൊക്കിനു സന്തോഷമായി.

കൊക്കിനെ കണ്ട് പോടിച്ച തവളകൾ വെള്ളത്തിനാടിയിലേക്കു പോയി. പക്ഷേ, കുറെ കഴിഞ്ഞപ്പോൾ അവർക്ക് വിശക്കാൻ തുടങ്ങി."എങ്ങനെയെങ്കിലും ആ കൊക്കിനെ ഓടിച്ചില്ലെങ്കിൽ നമ്മൾ വിശാന്നു ചാകും" ഒരു സൂത്രമുണ്ട് നമ്മളെല്ലാവരും കുടി വെള്ളത്തിനു മുകളിലേക്ക് ചെല്ലണം എന്നിട്ടു ഒരുമിച്ച കരയണം. ഒരു അപ്പൂപ്പൻ തവള പറഞ്ഞു.

തവളകൾ വേഗം വെള്ളത്തിനു മുകളിലേക്കു ചെന്ന് ഉറക്കെ കരഞ്ഞു.

" പേക്രോം............പേക്രോം............! ”

തവളകളുടെ കൂട്ടകരച്ചിൽ കേട്ട് പേടിച്ച പോയ കൊക്ക് ദൂരെക്ക് പറന്നുപോയി.



NOURA FATHIMA
IX:D

## അണ്ണാന്റെ ചാങ്ങാടം

അണ്ണാറക്കണ്ണന്മാർ പണ്ടൊരുനാൾ
അഞ്ചു വാഴപ്പിണ്ടി ചേർത്തുവച്ച്,
ചേരുന്നിടത്തെല്ലാം കമ്പടിച്ച്,
ചേലുള്ള ചങ്ങാടമൊന്നു തീർത്തു !
ഒന്നിച്ചു തള്ളി പുഴയിലിട്ടു,
എന്നിട്ടു പാടിത്തുഴഞ്ഞുപോയി.



## അതു വാർത്തയാക്കണ്ട

SONAT MARIA BABY
IX:D

ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ക്ലാമന്റ് റിച്ചാർഴ്ഗം എതിരാളികളുടെ വായടപ്പിച്ചിരുന്നു. ഒരിക്ക പാർലമെന്റിലേക്കുവന്ന ആദ്ദേഹം വാഹനത്തിനിന്നും ഇറങ്ങിയപ്പോഴേക്കും നല്ല മഴ. മഴ നനഞ്ഞ് പാർലമെന്റ് ഹാളിലേക്ക് കയറിയ ആദ്ദേഹത്തെ കണ്ട് ഒരു പാത്രപ്രതിനിധി ചോദിച്ചു." സർ,അങ്ങയുടെ ശരീരം മഴയി നനഞ്ഞ വർത്ത നാളത്തെ പാത്രത്തിൽ കൊടുക്കട്ടെ ?"

"അയ്യോ അതുവേണ്ട "ആറ്റ്ലി മന്ദഹസിച്ചുകൊണ്ട് തുടർന്നു "ശരീരം ഒന്നു നനഞ്ഞ വാർത്തയാക്കിയാൽ,ഞാൻ ഇതുവരെ കുളിച്ചിട്ടില്ല എന്ന് ജനം ധരിക്കില്ലേ?"

## ചെറിയ ദുഃഖം വലിയ ദുഃഖം



SONAT MARIA BABY
IX:D

വിമാനം പറത്തികൊണ്ടിരിക്കുകയാണ് ക്യാപ്റ്റൻ ചാക്കുണ്ണി. പെട്ടന്ന് വിമാനത്താവളത്തിൽ നിന്ന് സന്ദേശമെത്തി ക്യപ്റ്റൻ നിങ്ങങ്ങളോട് രണ്ടു വർത്തകൾ പറയാനുണ്ട്.ഒന്ന് ദുഃഖ വർത്തയാണ് രണ്ട് അതിലും വലിയ ദുഃഖ വർത്തയാണ് ഏതാണ് ആദ്യം പറയേണ്ടത് ?

ചെറിയവാർത്ത ആദ്യം പറഞ്ഞോളൂ ചാക്കുണ്ണി പറഞ്ഞു. വിമാനത്താവളത്തി നിന്ന് ആ വാർത്തയെത്തി: ' താങ്കളുടെ വിമാനത്തി ആരോ ടൈംബോബ് വച്ചിട്ടുണ്ട്. രണ്ടു മണിക്കൂറി പൊട്ടുന്ന ബോബ് ചാക്കുണ്ണി ഞെട്ടിപ്പോയി ഏങ്കിലും സമനില വീണ്ടെടുത്തു. 'ഹാവൂ............. പ്രശ്നമില്ല. രണ്ടു മണിക്കൂറിനാകം വിമാനം വല്ലയിടത്തും ലാൻഡ് ചെയ്ത് ഇറങ്ങിയോടാം ചാക്കുണ്ണി ആശ്വസിച്ചു: എന്നിട്ടു പറഞ്ഞു "ഇനി വലിയ ദുഃഖ വാർത്ത പറഞ്ഞോളൂ". ഉടൻ സന്ദേശമെത്തി: "രണ്ട് മണിക്കൂറായി താങ്കളെ ബന്ധപ്പെടാന ശ്രമിക്കുകയായിരുന്നു ഇപ്പോഴാ ലൈൻ കിട്ടിയത്.”

## സീറ്റു പിടുത്തം

സ്റ്റാൻറിൽ നിർത്തിയിരിക്കുകയാണ് ബസ്.നല്ല തിരക്കാണെങ്കിലും പൊന്നപ്പൻ ഇടിച്ചുകയറി.ഒറ്റ സീറ്റും ഒഴിവില്ല.പൊന്നപ്പനാണെങ്കിൽ നിൽക്കാൻ വയ്യ.

അപ്പോഴാണ് അതു കണ്ടത് ! ആരോ തുവാല വിരിച്ചിട്ടിരിക്കുന്നു.തുവാല എടുത്ത് പുറത്തേക്ക് എറിഞ്ഞിട്ട് പൊന്നപ്പൻ അവിടെ ഇരുന്നു.അല്പം കഴിഞ്ഞപ്പോൾ സീറ്റിൻെ ഉടമ വന്നു. അയാൾ പൊന്നപ്പനോട് പറഞ്ഞു: എഴുന്നേറ്റ് മാറണം.ഇത് എന്റെ സീറ്റാണ്.

" ങേ ! നിങ്ങളുടെ സീറ്റാണെന്ന് എന്താ തെളിവ് ? പൊന്നപ്പൻ വിട്ടു കൊടുത്തില്ല.

തെളിവോ ? ഈ സീറ്റിൽ ഞാൻ തുവാല വച്ചിരുന്നു" അയാൾ പറഞ്ഞു. പൊന്നപ്പൻ ഒറ്റ ചോദ്യം. "ഓഹോ ! ഒരു തുവാല വിരിച്ചാൽ സീറ്റ് നിങ്ങളുടെതാകുമെങ്കിൽ ഒരു വലിയ മുണ്ട് വിരിച്ചാൽ ബസ് എന്റേതാകുന്നു. ശരിയല്ലേ. അയാൾക്ക് ഉത്തരം മുട്ടി. അയാൾ പൊന്നപ്പന് സീറ്റ് വിട്ടുകൊടുത്തു.

## നല്ല ചങ്ങാതിമാർ

പൂന്തോട്ടതിന്റെ നടുവിലായിരുന്ന റോസച്ചെടി താമസിച്ചിരുന്നത്.മഹാ അഹങ്കാരിയായിരുന്ന അവൻ ഒരു ദിവസം തൊട്ടാടുത്തു നിൽക്കുന്ന കള്ളിമുൾച്ചെടിയെ കളിയാക്കി.

"അയ്യേ ! നിന്നെ കാണാൻ ഒരു ചന്തവുമില്ല. ദേഹം മുഴുവൻ മുള്ളുകളുമായി നിൽക്കുന്ന നീ എന്നെ നോക്ക്.എന്റെ പൂക്കൾ കാണാൻ എത്ര ഭംഗിയാ. ”

ഇതുകേട്ട കള്ളുമുൾച്ചെടിക്ക് സങ്കടമായി.റോസച്ചെടി പറയുന്നതെല്ലാം പൂന്തോട്ടത്തിലുള്ള പൂമ്പാറ്റകൾ കേൾക്കുന്നുണ്ടായിരുന്നു.

"നമുക്ക് ആ പാവം ചെടിയെ സഹായിക്കണം." പൂമ്പാറ്റകൾ തിരുമാനിച്ചു.അവർ എല്ലാവരും പറന്നുവന്ന് കള്ളിമുൾ ച്ചെടിയിലിരുന്നു.റോസാച്ചെടി ഇതു കണ്ട് തലകുനിച്ചു നാണം കെട്ടു നിന്നു.

കള്ളിമുൾച്ചെടി പറഞ്ഞു: "ഇനി നീ ആരെയും കളിയാക്കരുത്. സാരമില്ല. നമുക്ക് നല്ല കൂട്ടുകാരാകാം”

പിന്നെ മുതൽ രണ്ടുപേരും സുഹൃത്തുകളായി.



## ആദ്യ വിമാനത്താവളം

*അശ്വനി ആർ*

***കേണൽ ഗോദവർമ്മരാജ 1932-ൽ ചെറു വിമാനത്താവളംസ്ഥാപിച്ചു. തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീ. ചിത്തിര തിരുന്നാൾ മഹാരാജാവിന്റെ അനുമതിയോടെയായിരുന്നു ഇത്. കൊല്ലത്തിനടുത്ത് ആശ്രാമത്തായിരുന്നു ഈ വിമാനത്താവളം പിന്നീട് ഇത് തിരുവനന്തപുരത്തേക്ക് മാറ്റി സ്ഥാപിച്ചു. അതാണ് പിന്നീട് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളമായി മാറിയത്.***



# പേടി മാറ്റി

***കീർത്തി ജോസഫ് 9 c***



നമ്മുടെ നാട്ടിൽ ആദ്യമായി തൂക്കുപാലം പണിതത് 140 വർഷം മുമ്പായിരുന്നു. കൊല്ലം ജില്ലയിലെ പുനലൂരിലെ ആ കുറ്ൻ തൂക്കുപാലം
പണിതത് ആൽബർട്ട് ഹെന്റി എന്ന സ്കോട്ട്ലന്റുകാരനാണ്.

ഇരുമ്പുപാലങ്ങളിൽ തൂക്കിയ ഈ പാലം 1877-ൽതുറന്നു. പക്ഷെ നാട്ടുകാർ പാലത്തിൽ കയറിയില്ല. കാരണമെന്തന്നോ? പാലം പൊളിയുമെന്ന പേടി!

പേടി മാറ്റി ആൽബർട്ട് ഹെന്റി ഒരു വഴി കണ്ടുപിടിച്ചു. പാലത്തിനു തൊട്ടു താഴെ ഒരു വള്ളത്തിൽ കയറി അദ്ദേഹവും കുടുംബാംഗങ്ങളും നിന്നു. എന്നിട്ട് ഏഴ് ആനകളെ പാലത്തിലൂടെ നടത്തി!

പാലം പൊളിഞ്ഞാൽ അത് എന്റെ തലയിൽ വീണോട്ടെ. പക്ഷെ നൂറുകൊല്ലം കഴിഞ്ഞാലും ഈ പാലം വീഴില്ല! അദ്ദേഹം വിളിച്ചു പറഞ്ഞു.

അതോടെ ആളുകളുടെ പേടി മാറി. 140 വർഷമായിട്ടും ഇന്നും പുനലൂർ തൂക്കുപാലം അതേപടി നിൽക്കുന്നു!

## പഴമൊഴികൾ

* മിന്നുന്നതെല്ലാം പൊന്നല്ല.

* ആപത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്.

* വിതയ്ക്കുന്നത് കൊയ്യും.

* ചോറാണ് തമ്പുരാൻ.

* അല്പജ്ഞാനം അപകടം .

* കുരയ്ക്കുന്ന പട്ടി കടിക്കില്ല.

* അറിവാണ് ശക്തി.

* മുഖം മനസ്സിൻെറ കണ്ണാടി.

* ആരോഗ്യമാണ് ധനം.

* നാശത്തിന്റെ വേര് അലസതയാണ്.

*ഐക്യമത്യം മഹാബലം.

# ആത്മനിയന്ത്രണമില്ലാത്ത ആമ

അലീന രാജു

പണ്ട് ഒരു തടാകത്തിൽ ഒരു ആമ പാർത്തിരുന്നു. ഒരു വർഷം വേനൽ ക്കാലം വന്നപ്പോൾ തടാകം വറ്റിവരണ്ടു. അതിലെ മീനുകളെല്ലാം ചത്തുതുടങ്ങി.ആമയും ഭക്ഷണം കിട്ടാതെ മരിക്കുമെന്ന സ്ഥിതിയിലായി.തടാകത്തിനടുത്ത് രണ്ട് കൊക്കുകൾ താമസിച്ചിരുന്നു.

അവർക്ക് ആമയെ രക്ഷിക്കണമെന്ന് തോന്നി. അവർ ആമയെ ധാരാളം വെള്ളമുള്ള മറ്റൊരു തടാകത്തിലേക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞു. വേഗത്തിൽ നടക്കാനറിയാത്ത ആമയെ എങ്ങനെ കൊണ്ടുപോകും? കൊക്കുകൾ ഒരു നിളമുള്ള കമ്പ് കൊണ്ടുവന്നിട്ട് ആമയോട് അതിൽ കടിച്ചുപിടിക്കാൻ പറഞ്ഞു. "ഞങ്ങൾ പറയാതെ ഈ വായ ഇനി തുറക്കരുത് "എന്ന് പറഞ്ഞുകൊണ്ട് കൊക്കുകൾ കമ്പിന്റെ ഇരുവശത്തും ഓരോരുത്തരായി കൊക്കിൽ കൊത്തിപ്പിടിച്ച് പറന്നുയർന്നു. വഴിക്ക് ആമ ഒരു മൈതാനം കണ്ടു. അവിടെ കളിച്ചിരുന്ന കുട്ടികൾ ആമയെ കൊക്കുകൾ കൊണ്ടുപോകുന്നതുകണ്ട് ആർത്തുവിളിച്ചു. അപ്പോൾ ആമയ്ക്ക്

അവരെ ശകാരിക്കണമെന്ന് തോന്നി. അതിനായി വായ തുറന്നതും അവന്റെ പിടുത്തം കമ്പിൽ നിന്നും വിട്ടു.

" പ്ധ്ദിം" ആമ താഴേക്ക് വീണു. അവന്റെ ശരീരം കല്ലിൽ ഇടിച്ചു തകർന്നു ആമ ചത്തു. ആത്മനിയന്ത്രണമില്ലാതിരുന്നാൽ നാം ഈ ആമയെപ്പോലെ അപകടത്തിൽ ചെന്നുചാടും.

## കമ്പ്യൂട്ടറും ഇന്നത്തെ ലോകവും




മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽ ഏറ്റവും ശ്രേഷ്ഠമാണ് കമ്പ്യൂട്ടറിന്റെ കണ്ടുപിടുത്തം. കഴിഞ്ഞ രണ്ട് ദശവർഷകാലങ്ങളിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യ കുതിച്ചു കയറി വളർന്നിട്ടുണ്ട്. ഇന്ന് കമ്പ്യൂട്ടറിന്റെ സ്വാധീനമില്ലാത്ത ഒരു മേഖലപോലുമില്ല.

ഇലക്ട്രോണിക് യാന്ത്രിക ഘടകങ്ങൾ കൂടിച്ചേർന്ന ഒരു ഉപകരണമാണ് കമ്പ്യൂട്ടർ. ആദ്യ കാലങ്ങളിൽ കമ്പ്യൂട്ടർ വളരെ വലുതായിരുന്നു. എന്നാൽ ഇന്നത്തെ കമ്പ്യൂട്ടറുകളിൽ സംഭവിച്ച പരിണാമം ഭീമാകാരമായിരുന്നു. ഇന്ന് ഒരാൾക്ക് ഉപയോഗിക്കത്ത രീതിയിലുള്ള പേഴ്സണൽ കമ്പ്യൂട്ടറുകളാണ് ഇന്ന് ജനസമ്മിതി നേടിയിട്ടുള്ളത്.

# നന്ദിയോടെ.........................................

EPIC PULSE........ എന്ന ഈ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച ഹെഡ്മാസ്റ്ററക്കും,കൈറ്റ്മിസ്ട്രസ്സ് മാർക്കും,മറ്റ് അദ്ധ്യാപകർക്കും മാഗസ്സിനിലേയ്ക്ക് തങ്ങളുടെ സൃഷ്ടികൾ രേഖപ്പെടുത്തിയ എല്ലാകുട്ടക്കാർക്കും ഒരായിരം നന്ദി .............

